# OFFICE OF THE COCHIN DEVASWOM BOARD

**Round North, Thrissur – 680 001**

PH: 2331124, 2327028 FAX : 2335874, 2327029

E-mail. admin @cochindevaswomboard.org.


No. A9-2435/2021

## ടെണ്ടർ പരസ്യം

കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ നിന്നും എല്ലാവരും അറിയുന്നതിനായി പ്രസിദ്ധപ്പെടുത്തുന്നത്.

തിരുവഞ്ചിക്കുളം ഗ്രൂപ്പിൽപ്പെട്ട ശ്രീകുരുംബ ഭഗവതി ക്ഷേത്രത്തിൽ 2021 **ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31** കൂടിയ കാലയളവിൽ (മീനഭരണിയോടനുബന്ധിച്ച് കോഴിക്കല്ല് മൂടുന്നതു മുതൽ ഭരണി ഉൾപ്പെടെയുള്ള നടതുറപ്പ് വരെയുള്ള ദിവസങ്ങളിലും, താലപ്പൊലി സംക്രാന്തി വെടിപൊട്ടിയതു മുതൽ 4 കൂടിയ ദിവസങ്ങളിലും ഒഴികെ) ക്ഷേത്രപാലകന്റെ നടയിൽ എറിഞ്ഞു കിട്ടുന്ന നാളികേര കഷ്ണങ്ങൾ പെറുക്കിയെടുത്ത് തൂക്കം നോക്കി കൊണ്ടുപോകുന്നതിനുള്ള അവകാശം ടെണ്ടർ വഴി ഏൽപ്പിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു.

ടെണ്ടറുകൾ സമർപ്പിക്കുന്നവർ പേർ ഒന്നുക്ക് 35000/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം സ്പെഷ്യൽ ദേവസ്വം കമ്മീഷ്ണർ കൊച്ചിൻ ദേവസ്വം ബോർഡ്, തൃശൂർ എന്ന പേരിൽ (തൃശൂരിൽ മാറാവുന്നത്.) **2021 മാർച്ച് മാസം 15-ാം തിയ്യതി ഉച്ചതിരിഞ്ഞ് 2 മണിയ്ക്ക്** കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ ലഭിക്കത്തക്ക രീതിയിൽ സ്പെഷ്യൽ ദേവസ്വം കമ്മീഷ്ണർ, കൊച്ചിൻ ദേവസ്വം ബോർഡ്, തൃശൂർ എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. പ്രത്യേക ഗവൺമെന്റ് ഉത്തരവ് പ്രകാരം നിരതദ്രവ്യം സമർപ്പിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ള സ്ഥാപനങ്ങൾ നിരതദ്രവ്യം വെക്കേണ്ടതില്ല. ആയതിന്റെ രേഖ ടെണ്ടറിനൊപ്പം ഹാജരാക്കേണ്ടതാണ്. നിരതദ്രവ്യം വെക്കാത്ത ടെണ്ടറുകൾ നിരസിക്കുന്നതാണ്.

നാളികേരം ക്വിന്റൽ 1 ക്ക് എത്ര രൂപയ്ക്ക് എടുക്കാം എന്നുള്ളതിന വ്യക്തികളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും മത്സരസ്വഭാവമുള്ള ടെണ്ടറുകൾ സ്വീകരിക്കുന്നതാണ്. ടെണ്ടർ കവറിനു മുകളിൽ **ശ്രീകുരുംബ ഭഗവതി നാളികേരം ടെണ്ടർ 2021-2022** എന്ന് രേഖപ്പെടുത്തേണ്ടതാണ്.

ടെണ്ടർ **2021 മാർച്ച് മാസം 15-ാം തിയ്യതി ഉച്ചതിരിഞ്ഞ് 3 മണിയ്ക്ക്** ഹാജർ ഉള്ള ടെണ്ടറുകാരുടെ സാന്നിദ്ധ്യത്തിൽ തൃശൂർ ബോർഡോഫീസിൽ വെച്ച് തുറന്ന് പരിശോധിക്കുന്നതാണ്. ടെണ്ടർ സ്വീകാര്യമാണെങ്കിൽ ബഹു.ബോർഡിൽ നിന്ന് ഉത്തരവ് ലഭിക്കുന്ന മുറക്ക് സ്ഥിരപ്പെടുത്തുന്നതിനും, ആയതിനുശേഷം 3,00,000/- രൂപ അഡ്വാൻസായി ശ്രീദേവസ്വത്തിൽ അടച്ച് രശീതി വാങ്ങേണ്ടതുമാകുന്നു.

അഡ്വാൻസ് സംഖ്യ ഏൽപ്പന കാലമായ 2022 മാർച്ച് 31 നുശേഷം ടിയാന്റെ പേരിൽ ബാധ്യതകളൊന്നും തന്നെ ഇല്ലായെന്ന് ഉറപ്പ് വരുത്തിയ ശേഷം തിരികെ നൽകുന്നതാണ്.

ടെണ്ടർ ലഭിക്കുന്ന വ്യക്തി /സ്ഥാപനം ക്ഷേത്രത്തിൽ നിന്നും അതാത് ദിവസം സ്വന്തം ഉത്തരവാദിത്വത്തിൽ ദേവസ്വം ഉദ്യോഗസ്ഥനെ തൂക്കം ബോധ്യപ്പെടുത്തി ഏറ്റെടുത്ത് കൊണ്ടുപോകേണ്ടതും, അതാത് ദിവസത്തെ ടെണ്ടർ നിരക്ക് പ്രകാരമുള്ള സംഖ്യ ദേവസ്വത്തിൽ അടച്ച് ടെണ്ടറുക്കാരൻ രശീതി കൈപറ്റേണ്ടതുമാണ്. സംഖ്യ കൃത്യ സമയത്ത് അടക്കുന്നത് വീഴ്ച വരുത്തിയാൽ ക്രമപ്രകാരം 20% പലിശ സഹിതം കുടിശ്ശിക അടക്കേണ്ടതാണ്.

ടെണ്ടറുകാരൻ ദേവസ്വത്തിലേക്ക് നഷ്ടം വരുത്തുന്ന രീതിയിൽ എന്തെങ്കിലും പ്രവൃത്തിക്കുകയോ മറ്റോ ചെയ്താൽ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും ലേലം ചെയ്യുന്നതും അതിൽ വെച്ച് ലാഭം ഉണ്ടായാൽ ടിയാന അവകാശം ഇല്ലാത്തതും  നഷ്ടം ഉണ്ടായാൽ ടിയാനിൽ നിന്ന് നിയമാനുസൃത നടപടികളിലൂടെ വസൂൽ ചെയ്യുന്നതുമാകുന്നു.

ടെണ്ടർ ദേവസ്വത്തിന ഗുണകരമല്ലെന്ന് കണ്ടാൽ നിർത്തി വെക്കുന്നതിനോ വകുപ്പിന ഗുണകരമാകും വിധം ടി അവകാശം മറ്റൊരാളെ ഏൽപ്പിക്കുന്നതിനോ, മറ്റു യുക്തമെന്ന് തോന്നുന്ന തീരുമാനം എടുക്കുന്നതിനുള്ള പൂർണ്ണ അധികാരം കൊച്ചിൻ ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിരിക്കും. അഹിന്ദുക്കളെ ലേലത്തിൽ പങ്കു ചേരുവാൻ അനുവദിക്കുന്നതല്ല.

ലേലം സ്ഥിരപ്പെടുത്തിയ ശേഷം ലേലക്കാരന്റെ ചിലവിൽ നിയമാനുസൃതമായ മുദ്രപത്രത്തിൽ ദേവസ്വത്തിൽ നിന്ന് നിശ്ചയിക്കുന്ന നിബന്ധനകൾ ഉൾകൊള്ളിച്ചുകൊണ്ട് ഒരു കച്ചീട്ട് ദേവസ്വം മാനേജർ മുമ്പാകെ ഹാജരാക്കേണ്ടതാണ്.

ഈ ലേലത്തെ കുറിച്ച് കൂടുതൽ വിവരങ്ങൾ അിറയുവാൻ ആഗ്രഹിക്കുന്നവർ തിരുവഞ്ചിക്കുളം അസിസ്റ്റന്റ് കമ്മീഷ്ണർ ഓഫീസ് (0480-2802446), ശ്രീദേവസ്വം ഓഫീസ്(0480-2803061), കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസ് (0487-2331124), എന്നീ സ്ഥലങ്ങളിൽ പ്രവർത്തി സമയങ്ങളിലും അന്വേഷിച്ചാൽ അറിയാവുന്നതാണ്.

ഒപ്പ്

തൃശൂർ
02/03/2021

സ്പെഷ്യൽ ദേവസ്വം കമ്മീഷ്ണർ
കൊച്ചിൻ ദേവസ്വം ബോർഡ്